**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1293** **19-09-2025 - ൽ മറുപടിയ്ക്ക്**

**ദേശീയപാത നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ ദേശീയപാത നിർമ്മാണത്തിലെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഗുണനിലവാരം ഉറപ്പാക്കുന്നതിനും നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ളതെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് ദേശീയപാതാ അതോറിറ്റിയുടെ നേതൃത്വത്തിൽ നടക്കുന്ന ദേശീയപാതാ നിർമ്മാണ പ്രവൃത്തികളുടെ പൂർണ്ണചുമതല ദേശീയപാത അതോറിറ്റിക്കാണ്. പ്രവൃത്തിയുടെ ഗുണനിവാരം ഉറപ്പിക്കുന്നതിനുള്ള ചുമതലയും ദേശീയപാതാ അതോറിറ്റിക്കാണ്. ദേശീയപാത നിർമ്മാണത്തിന്റെ പ്രവൃത്തി പുരോഗതി ബഹു മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ യോഗം ചേർന്നു വിലയിരുത്താറുണ്ട്. നിർമ്മാണത്തിന് വിവിധ സർക്കാർ വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്താറുമുണ്ട്. പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ യോഗം ചേർന്നും പ്രവൃത്തി ഇടങ്ങളിൽ എത്തിയും പുരോഗതി വിലയിരുത്താറുണ്ട്. ഇ യോഗങ്ങളിൽ ദേശീയപാത നിർമ്മാണവുമയി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന്റെ നിർദ്ദേശം ദേശീയപാതാ അതോറിറ്റിയെ അറിയിക്കാറുണ്ട്. സംസ്ഥാനത്ത് ദേശീയപാതാ നിർമ്മാണവുമായി ബന്ധപ്പെട്ട അപാകതകൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട കേന്ദ്രഉപരിതല ഗതാഗത വകുപ്പുമന്ത്രിയെ അറിയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് പരിശോധിക്കുവാൻ വിദഗ്ധ സമിതിയെ നിയോഗിച്ചതായും വിദഗ്ധ സമിതിയുടെ റിപ്പോർട്ട് അനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുമെന്നും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. സംഭവുമായി ബന്ധപ്പെട്ട് വീഴ്ചവരുത്തിയവർക്കതിരെ നടപടി സ്വീകരിച്ചതായും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. വീഴ്ച വരുത്തിയ കൺസെഷനെയും (M/s KNR Ramanattukara Infra Pvt. Ltd.) കൺസൾട്ടന്റിനെയും(M/s Highway Engineering consultant) ഡീബാർ ചെയ്തതായി നാഷണൽ ഹൈവേ അതോറിറ്റി അറിയിച്ചിട്ടുണ്ട്. |
| (ബി) | ഇപ്രകാരമുള്ള വർക്കുകളിൽ കൃത്യമായ മോണിറ്ററിംഗ് നടത്തുന്നുണ്ടോ എന്നത് | (ബി) | എ പിരിവിന്റെ അതേ മറുപടി |

| | | | |
|---|---|---|---|
| | പരിശോധിക്കപ്പെട്ടുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | | |
| (സി) | ദേശീയപാത നിർമ്മാണത്തിനുള്ള കരാറുകൾ ഏറ്റെടുത്ത് വീണ്ടും ഉപകരാറുകൾ നൽകി അഴിമതി നടത്തുന്ന സാഹചര്യം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന് ഉത്തരവാദികളായ കരാറുകാർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ? | (സി) | എ പിരിവിന്റെ അതേ മറുപടി |

സെക്ഷൻ ഓഫീസർ